3441

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. ഡബ്യു1/31212/2018/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 30.05.2018

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

**വിഷയം:** പൊ.വി.വ - ഗവൺമെന്റ് എൽ.പി/യു.പി/എച്ച്.എസ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം-ഭരണാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നത് -സംബന്ധിച്ച്

2018-19 വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള അടുത്ത വർക്കിംഗ് ഗ്രൂപ്പ് യോഗം 2018 ജൂൺ 13 ന് വൈകിട്ട് 4 മണിക്ക് ചേരാൻ നിശ്ചയിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ജില്ലകളിൽ നിന്നുള്ള പ്രൊപ്പോസലുകൾ പ്ലാനും, എസ്റ്റിമേറ്റും സഹിതം 2018 ജൂൺ 8 (വെള്ളി) വൈകിട്ട് 5 മണിക്കുമുമ്പായി ജില്ലാ ഉപവിദ്യാഭ്യാസ ഡയറക്ടർമാർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. 23.05.2018 ൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി നടത്തിയ വീഡിയോ കോൺഫറൻസിൽ നിർദ്ദേശിച്ച പ്രകാരം ഓരോ ജില്ലയിൽ നിന്നും 15 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകളിൽ ലഭ്യമാക്കേണ്ടതാണ്. എൽ.പി സ്കൂളുകൾക്ക് ഒരു കോടി രൂപയും, യു.പി സ്കൂൾക്ക് 2 കോടി രൂപയും, ഹൈസ്കൂളുകൾക്ക് 3 കോടി രൂപയും പരിമിതപ്പെടുത്തി പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ്. പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിക്കു ന്നതിൽ വരുത്തുന്ന വീഴ്ച ഗൗരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി